## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3155** **25-10-2021 - ൽ മറുപടിയ്ക്ക്**

## സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതും പൂർത്തിയാക്കാത്തതും ആയ സ്കൂളുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ, 3 കോടി രൂപ, ഒരു കോടി രൂപ എന്നിങ്ങനെ ധനസഹായം അനുവദിച്ചുകൊണ്ട് പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യ വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിൽ അമ്പലപ്പുഴ മണ്ഡലത്തിൽ 5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ അമ്പലപ്പുഴ ജി.എച്ച്.എസ്.എസിന്റെ നിർമ്മാണം 96% പൂർത്തിയാക്കിയിട്ടുണ്ട്. ജി.എച്ച്.എസ് നാലുച്ചിറ, എസ്.ഡി.വി. ജി.യു.പി.എസ് നീർക്കുന്നം, ജി.എച്ച്.എസ്.കക്കാഴം, കെ.കെ.പി. എം.ജി.എച്ച്.എസ്.എസ്. അമ്പലപ്പുഴ, ഗവ.മോഡൽ.ജി.എച്ച്.എസ്.എസ്. ആലപ്പുഴ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| (ബി) | ഇൻകെൽ, കില എന്നീ ഏജൻസികൾക്ക് നിർമ്മാണച്ചുമതല നൽകിയ സ്കൂളുകൾ ഏതൊക്കെയാണ്; | (ബി) | മൂന്നു കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ നാലുച്ചിറ ജി.എച്ച്.എസിന്റെ എസ്.പി.വിയായി ഇൻകലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ നിർമ്മാണം ആരംഭിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ റീടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. മൂന്നു കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ നീർക്കുന്നം എസ്.ഡി.വി.ജി.യു.പി.എസ് സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വിയായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിലവിൽ എൽ.എസ്.ജി.ഡി/ പി.ഡബ്ല്യുഡി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണം നിർദ്ദിഷ്ട സ്ഥലത്ത് നടന്നു വരുന്നതിനാൽ നിർമ്മാണം താൽക്കാലികമായി മാറ്റി വച്ചിരിക്കുന്നു. മൂന്നു കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ ജി.എച്ച്.എസ്. കക്കാഴം സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വിയായി ഇൻകലിനെ |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം പുരോഗമിച്ചു വരുന്നു. ഒരു കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്.പി.വിയായി കിലയെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. ആയതിലെ അമ്പലപ്പുഴ മണ്ഡലത്തിലെ കെ.കെ.പി.എം.ജി.എച്ച്.എസ്.എസ്. അമ്പലപ്പുഴ സ്കൂളിന്റെ ടെണ്ടർ നടപടി സ്വീകരിച്ചു. നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഗവ.മോൺസ്.ജി.എച്ച്.എസ്.എസ്. ആലപ്പുഴ സ്കൂളിന് സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം കണ്ടെത്തുന്നതിനുള്ള ശ്രമം നടന്നു വരുന്നു. നിർമ്മാണപ്രവർത്തനങ്ങളുടെ കാലതാമസം പരിഹരിക്കുന്നതിന് എല്ലാ എസ്.പി.വി കളുടെ പ്രതിനിധികളുടേയും കിഫ്ബിയുടെ പ്രതിനിധിയേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗം ചേർന്ന് നിർമ്മാണത്തിന്റെ തടസ്സങ്ങൾ ചർച്ച ചെയ്ത് ആവശ്യമായ പരിഹാരം കാണുന്നതിന് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സ്കൂൾ കെട്ടിടനിർമ്മാണം മുടങ്ങാനുണ്ടായ കാരണങ്ങളും അവയ്ക്കുള്ള പരിഹാര നടപടികളും വിശദമാക്കാമോ? | (സി) | മൂന്നു കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ നാലുച്ചിറ ജി.എച്ച്.എസിന്റെ എസ്.പി.വിയായി ഇൻകലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ നിർമ്മാണം ആരംഭിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ റീടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. മൂന്നു കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ നീർക്കുന്നം എസ്.ഡി.വി.ജി.യു.പി.എസ് സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വിയായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിലവിൽ എൽ.എസ്.ജി.ഡി/ പി.ഡബ്ല്യുഡി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണം നിർദ്ദിഷ്ട സ്ഥലത്ത് നടന്നു വരുന്നതിനാൽ നിർമ്മാണം താൽക്കാലികമായി മാറ്റി വച്ചിരിക്കുന്നു. മൂന്നു കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ ജി.എച്ച്.എസ്. കക്കാഴം സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വിയായി ഇൻകലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം പുരോഗമിച്ചു വരുന്നു. ഒരു കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്.പി.വിയായി കിലയെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. ആയതിലെ അമ്പലപ്പുഴ മണ്ഡലത്തിലെ കെ.കെ.പി.എം.ജി.എച്ച്.എസ്.എസ്. അമ്പലപ്പുഴ |

| | | | |
|---|---|---|---|
| | | | സ്കൂളിന്റെ ടെണ്ടർ നടപടി സ്വീകരിച്ചു. നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഗവ.മോഡൽ.ജി.എച്ച്.എസ്.എസ്. ആലപ്പുഴ സ്കൂളിന് സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം കണ്ടെത്തുന്നതിനുള്ള ശ്രമം നടന്നു വരുന്നു. നിർമ്മാണപ്രവർത്തനങ്ങളുടെ കാലതാമസം പരിഹരിക്കുന്നതിന് എല്ലാ എസ്.പി.വി കളുടെ പ്രതിനിധികളുടേയും കിഫ്ബിയുടെ പ്രതിനിധിയേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗം ചേർന്ന് നിർമ്മാണത്തിന്റെ തടസ്സങ്ങൾ ചർച്ച ചെയ്ത് ആവശ്യമായ പരിഹാരം കാണുന്നതിന് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ